# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3387 — 17/03/2020-ൽ മറുപടിയ്ക്ക്

### അഴിമതി കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം<br>ശ്രീ.കെ.ബാബു. | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഴിമതി, ക്രിമിനൽ കേസുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; | **എ)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 72 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 29 വിജിലൻസ് കേസുകളും 538 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **(ബി)** സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | **ബി)** സംസ്ഥാന പോലീസ് സേനയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും കുറ്റക്കാരായ ഉദ്യോഗസ്ഥരെ വെളിച്ചത്തു കൊണ്ടുവരുന്നു.<br>പോലീസ് സേനയിലെ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലം മാറ്റം തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്തെ ദേശീയ പാതകളിൽ നൈറ്റ് പട്രോളിംഗ് നടത്തുന്ന പോലീസ് വാഹനങ്ങളിലെ ഉദ്യോഗസ്ഥർ വ്യാപക ക്രമക്കേടുകൾ നടത്തുന്നത് |

| | |
|---|---|
| | ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഹൈവേ പട്രോൾ വാഹനങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലംമാറ്റം തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജനങ്ങളുടെ അന്തസ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പോലീസ് സേനയ്ക്ക് കളങ്കം വരുത്തുന്ന തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തിയും മേലുദ്യോഗസ്ഥരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കുറ്റകൃത്യങ്ങളുടെ തോത് അനുസരിച്ച് വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചും ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തും ശക്തമായ നടപടി സ്വീകരിക്കുമെന്ന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ.**